പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 242 — 5-03-2012 – ൽ മറുപടിയ്ക്ക്

**അഴീക്കോട് മുനക്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണപ്രവർത്തനങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. എസ്. സുനിൽ കുമാർ | | **ശ്രീ.കെ. ബാബു**<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോട് മുനക്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കുവാനാകുമെന്ന് വ്യക്തമാക്കുമോ; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | മുനമ്പം ഫിഷിംഗ് ഹാർബറിന്റെ അഴീക്കോട് ഭാഗത്തെ വികസന പ്രവർത്തനങ്ങൾക്കായി 28/5/1993 -ലെ ജി.ഒ (എം.എസ്) 239/93/ ആർഡി നമ്പർ ഉത്തരവ് പ്രകാരം 8.0937 ഹെക്ടർ പുഴ പുറമ്പോക്ക് (ഏകദേശം 20 ഏക്കർ) സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു അനുവദിച്ചു ലഭിച്ചു. മുനമ്പം ഫിഷിംഗ് ഹാർബറിന്റെ ബേസിൻ ഏരിയ ഡ്രെഡ്ജിംഗ് നടത്തി ലഭിച്ച മണ്ണ് പുറമ്പോക്ക് സ്ഥലത്ത് (അഴീക്കോട് ഭാഗത്ത് ) ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് റ്റി. ആർ.പി. ഫണ്ട് ഉപയോഗിച്ച് 11/9/2007 – ലെ ജി.ഒ (ആർ.ടി) 584/07/മത്സ്യബന്ധനതുറമുഖ വകുപ്പ് നമ്പർ ഉത്തരവു പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. വാർഫ്, ലേലപ്പുര എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ഏകദേശം 76% പണി പൂർത്തീകരിച്ചപ്പോൾ ടി. മത്സ്യബന്ധനകേന്ദ്രം നിർമ്മിക്കുന്ന സ്ഥലം തുറമുഖ വകുപ്പ് M/s. സൗരാഷ്ട്ര സിമന്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി 7/08/1998-ൽ എം.ഒ.യു (MOU) ഒപ്പിട്ടതും അതിനു തുടർച്ചയായി 13.01.2000-ൽ ബി.ഒ.റ്റി (BOT)കരാർ ഒപ്പിട്ടതുമായ അതേ സ്ഥലമാണെന്ന് അവകാശപ്പെട്ടുകൊണ്ട് മേൽ കമ്പനി WP(c) No.6145/2009 പ്രകാരം ബഹു. കേരള ഹൈക്കോടതിയിൽ ഒരു |
| (ബി) | ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ സൌരാഷ്ട്ര സിമന്റ് കമ്പനിയുമായി പോർട്ട് ഡിപ്പാർട്ട്മെന്റോ ഹാർബർ ഡിപ്പാർട്ട്മെന്റോ എന്തെങ്കിലും നിയമനടപടിയിൽ ഏർപ്പെട്ടിട്ടുണ്ടോ; | | |
| (സി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | | |
| (ഡി) | നിയമപ്രശ്നം പരിഹരിച്ച് പ്രവർത്തിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | തുടരുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഉത്തരവ് 13.7.2009-ൽ പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത സ്റ്റേ ഉത്തരവ് പല പ്രാവശ്യമായി നീട്ടി ഇപ്പോഴും തുടർന്ന് വരുന്നു. അതിനു ശേഷം M/s സൗരാഷ്ട്ര സിമന്റ് ലിമിറ്റഡ് WP(c) No.1297/2010 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ മറ്റൊരു കേസ് കൂടി നൽകി. ആയതിൽ തൽസ്ഥിതി തുടരുന്നതിന് ഉത്തരവായിട്ടുണ്ട്. മേൽ പ്രസ്താവിച്ച കേസുകളിൽ തീർപ്പ് കല്പിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ